(ബി) ആദിവാസി കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾക്കായി 99,91,472 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ 113 പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വന്നിരുന്ന ഈ പദ്ധതി ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്.

മറാഠി സമുദായ വിദ്യാർത്ഥികൾക്ക് പഠനം തുടരാനുള്ള ആനുകൂല്യം ലഭ്യമാക്കാൻ നടപടി

59 [5436] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കിയതിനെ തുടർന്ന് വിവിധ കോഴ്സുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തൽ ചെയ്തതിനെ തുടർന്നുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനുകൂല്യങ്ങൾ നിർത്തലാക്കിയതുമൂലം ഇടയ്ക്കുവച്ച് പഠനം മതിയാക്കേണ്ടിവരുന്ന സ്ഥിതി ഒഴിവാക്കാൻ ഇപ്പോഴത്തെ കോഴ്സുകൾ പൂർത്തിയാക്കുന്നതുവരെയെങ്കിലും അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മറാഠി സമുദായങ്ങൾക്ക് നടപ്പുവർഷം പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി പ്രസ്തുത സമുദായത്തെ മറ്റർഹ സമുദായങ്ങളുടെ (ഒ.ഇ.സി.) പട്ടികയിൽപ്പെടുത്തി 18-7-2003-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 584/03/എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്.

പെരുവണ്ണാൻ സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി

60 [5437] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെരുവണ്ണാൻ സമുദായക്കാർ പട്ടിജാതിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ തഹസിൽദാർമാർ വിസമ്മതിക്കുന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പെരുവണ്ണാൻ സമദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly